"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3212/2025-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 12-01-2026
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

<u>പരിപത്രം</u>

വിഷയം:- വനിത ശിശുവികസന വകുപ്പ്-' അഭയകിരണം'പദ്ധതി 2025-26-പദ്ധതി മാനദണ്ഡങ്ങൾ പുനഃക്രമീകരിച്ച് ഉത്തരവാകുന്നത് -സംബന്ധിച്ച്:-

സൂചന:-
1. സ.ഉ (സാധാ) 296/2021/സാനീവ തീയതി 14.05.2021.
2. വനിതാ ശിശു വികസന ഡയറക്ടറുടെ 06/06/2025 ലെ ഇതേ നം. സർക്കുലർ
3. വനിതാ ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 17/06/2025 ന് ചേർന്ന യോഗത്തിന്റെ പുതുക്കിയ നടപടിക്കുറിപ്പ്

അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന 'അഭയകിരണം' പദ്ധതി 2017-18 വർഷം മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 2024-25 സാമ്പത്തി വർഷം വരെ സ്വന്തമായി താമസിക്കുന്നതിന് ചുറ്റുപാടില്ലാതെ ബന്ധുക്കളുടെ ആശ്രയത്തിൽ കഴിയുന്ന 50 വയസ്സിന്മേൽ പ്രായമുള്ള വിധവകളെ സംരക്ഷിക്കുന്നവരായിരുന്നു ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതി പ്രകാരം സാധുക്കളായ വിധവകൾക്ക് അഭയ സ്ഥാനം നൽകുന്ന ബന്ധുവിന് പ്രതിമാസം 1000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ സൂചന (3) പ്രകാരമുള്ള നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം പദ്ധതി മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവാകുന്നു.

1. പ്രായഭേദമെന്യേ അശരണരായ സ്ത്രീകളെ സംരക്ഷിക്കുന്ന വ്യക്തിയെക്കൂടി അഭയകിരണം പദ്ധതിയുടെ പരിധിയില് ഉൾപ്പെടുത്തുന്നതാണ്.
2. വിധവയെ സംരക്ഷിക്കുന്ന അപേക്ഷകര് ക്ഷേമ പെൻഷനുകളോ, വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് ധനസഹായമോ ലഭിക്കുന്നവരായിരിക്കരുത് എന്ന പദ്ധതി മാനദണ്ഡം ഒഴിവാക്കുന്നു.
3. പ്രസ്തുത പദ്ധതിയിക്കായി ബജറ്റ് പ്രൊവിഷനില് വകയിരുത്തിയിരിക്കുന്ന തുകയ്ക്കുള്ളിൽ നിന്നുകൊണ്ട് മേൽ രേഖപ്പെടുത്തിയിരിക്കുന്ന പുനക്രമീകരണങ്ങളോടെ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

Ajithakumar

വനിത ശിശു വികസന ഡയറക്ടർ

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. സൂപ്രണ്ട്, ഐ.റ്റി സെൽ
3. ഫിനാൻസ് ഓഫീസർ
4. സ്റ്റോക്ക് ഫയല്/സ്പെയർ